# PSC Lecturer In Malayalam - Collegiate Education Examination Previous Year Question Paper

***Exam Name:*** *Lecturer In Malayalam - Collegiate Education*

***Date of Test : 01.10.2015***

***Question Paper Code: 183/2015***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

183/2015

1. ''കേരളത്തിലെ ആദിവാസികൾ സംസാരിച്ചിരുന്ന ഒരു തരം പ്രാകൃതഭാഷയും മറ്റു ദ്രാവിഡഭാഷകളും ചേർന്നുണ്ടായതാണ് മലയാളം.''- എന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ :
   (A) ആറ്റൂർ കൃഷ്ണപിഷാരടി (B) പി. ശങ്കരൻനമ്പ്യാർ
   (C) ഇളംകുളം കുഞ്ഞൻപിള്ള (D) ആർ. നാരായണപ്പണിക്കർ

2. കൊട്ടിച്ചകംപൂകൾ, നാലുപാദം, പാന, ആയുധമെടുപ്പ് എന്നിവ താഴെപ്പറയുന്ന ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ് ?
   (A) ഏഴാമത്തുകളി (B) തിറയാട്ടം (C) സംഘക്കളി (D) അടിച്ചുതുറപ്പാട്ട്

3. ഫിനീഷ്യൻ ലിപിയിൽനിന്നും യൂറോപ്പിലെ അറമൈക്ക് ലിപിയിൽനിന്നും രൂപംകൊണ്ടതാണ് വട്ടെഴുത്ത് എന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ :
   (A) ഡോ. ബർണൽ (B) ഏൽ.ഏ. രവിവർമ്മ
   (C) ടി.എ. ഗോപിനാഥറാവു (D) ഡോ. ബ്യൂളർ

4. എ.ഡി. 1125 -നും 1150 -നും ഇടയിലാണ് ഭാഷാകൗടലീയത്തിന്റെ നിർമ്മാണം എന്ന് അഭിപ്രായപ്പെട്ടതാര് ?
   (A) ഇളംകുളം കുഞ്ഞൻപിള്ള (B) ഉള്ളൂർ
   (C) സി.എൽ. ആന്റണി (D) എ.സി. ശേഖർ

5. 'ചെറുമുക്കിൽ പച്ച' എന്ന ഗ്രന്ഥം ഏതു വിഭാഗത്തിൽപ്പെടുന്നു ?
   (A) വൈദ്യം (B) വൈദികം (C) വ്യാകരണം (D) ജ്യോതിഷം

6. താഴെപ്പറയുന്നവരിൽ ആരാണ് തോമസ് അക്വിമ്പസിന്റെ 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ?
   (A) ക്ലമന്റ് പാതിരി (B) റോബർട്ട് ഡ്രമണ്ട്
   (C) കായംകുളം ഫിലിപ്പോസ് റമ്പാൻ (D) പാറമ്മേക്കൽ തോമാക്കത്തനാർ

7. ലീലാതിലകം എട്ടാം ശില്പത്തിൽ പ്രതിപാദിക്കുന്നത് :
   (A) ഗുണനിരൂപണം (B) അർത്ഥാലങ്കാരം
   (C) കാവ്യദോഷങ്ങൾ (D) രസനിരൂപണം

8. ''തെക്കൻ തിരുവിതാംകൂറിലെ ദ്വിഭാഷാപ്രദേശത്തുണ്ടായ കൃതിയായതുകൊണ്ടാണ് രാമചരിതത്തിലെ ഭാഷ തമിഴ്മിശ്രമായിരിക്കുന്നത്.'' ഈ അഭിപ്രായം ഉന്നയിച്ചത് :
   (A) ഉള്ളൂർ എസ്. പരമേശ്വരയ്യർ (B) ആറ്റൂർ കൃഷ്ണപിഷാരടി
   (C) പി.ഗോവിന്ദപ്പിള്ള (D) ഡോ. കെ.എം. ജോർജ്ജ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

9. "മലർനാടതിലേറ്റം മനോജ്ഞം
മലർമാതിനൊരു കേളീനൃത്തരംഗം
മലയാദ്രിയിൽനിന്റുമല്ലി
മലരിൽ ചെന്നുഴലിന്റെ മാരുതാഢ്യം"
ഈ കേരളവർണ്ണന ഏതു മണിപ്രവാള കൃതിയിലാണുള്ളത് ?
(A) വൈശികതന്ത്രം
(B) ഉണ്ണിയാടീചരിതം
(C) ഉണ്ണിയച്ചീചരിതം
(D) ചന്ദ്രോത്സവം

10. "വാർദ്ധക്യമോടു ജരാനരയും വന്നു
ചീർത്ത മോഹേന മരിക്കുന്നിതു ചിലർ
നേത്രേന്ദ്രിയംകൊണ്ട് കണ്ടിരിക്കെപ്പുന-
രോർത്തറിയുന്നില മായതൻ വൈഭവം"- ഈ വരികൾ രചിച്ചതാര് ?
(A) എഴുത്തച്ഛൻ
(B) പൂന്താനം
(C) ചെറുശ്ശേരി
(D) കുഞ്ചൻ നമ്പ്യാർ

11. "ഗിരിജാകല്യാണ കർത്താവ് തൊട്ട യാതൊരു കഥാപാത്രവുമില്ല അശുദ്ധീഭവിക്കാതെ. അങ്ങനെയുള്ള ആ മനുഷ്യൻ എത്ര വളർന്നാലും ഒരു തുള്ളൽകൃതി പ്രണേതാവാമെന്നല്ലാതെ നളചരിതപ്രണേതാവാവുക വയ്യ." നളചരിത കർത്താവിനെക്കുറിച്ച് ഇങ്ങനെ ഒരു നിരീക്ഷണം നടതിയത് :
(A) ഉള്ളൂർ
(B) ഡോ. കെ. ഗോദവർമ്മ
(C) കുട്ടികൃഷ്ണമാരാർ
(D) എ. ആർ. രാജരാജവർമ്മ

12. ശബ്ദാലങ്കാരം എന്ന അലങ്കാരശാസ്ത്രഗ്രന്ഥം രചിച്ചതാര് ?
(A) എ. ആർ. രാജരാജവർമ്മ
(B) റവ. ജോർജ്ജ് മാത്തൻ
(C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(D) കെ. കെ. വാദ്ധ്യാർ

13. "ലോകാനുരാഗമിയലാത്തവരേ നരന്റെ-
യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ"
ഈ വരികൾ കുമാരനാശാന്റെ ഏതു കൃതിയിലേതാണ് ?
(A) ഒരു തീയക്കുട്ടിയുടെ വിചാരം
(B) ഗ്രാമവൃക്ഷത്തിലെ കുയിൽ
(C) ഗരിസപ്പ അരുവി അല്ലെങ്കിൽ ഒരു വനയാത്ര
(D) ഒരു ഉദ്ബോധനം

14. മദ്യപാനംകൊണ്ടുണ്ടാകുന്ന ദുരന്തം പ്രതിപാദിക്കുന്ന ഉള്ളൂരിന്റെ കവിത :
(A) ആ കണ്ണുനീർ
(B) സ്വർഗ്ഗവും നരകവും
(C) മിഥ്യാപവാദം
(D) മൃണാളിനി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

15. "നാരികൾ നാരികൾ വിശ്വവിപത്തിന്റെ
നാരായവേരുകൾ നാരകീയാഗ്നികൾ'' - ചങ്ങമ്പുഴയുടെ ഏതു കവിതയിൽനിന്നുള്ള വരികളാണിവ ?
(A) പാടുന്ന പിശാച് (B) വേതാളകേളി
(C) രമണൻ (D) നീറുന്ന തീച്ചൂള

16. ഇടശേരിയുടെ 'പണിമുടക്കം' എന്ന കൃതിയുടെ അവതാരിക എഴുതിയത് :
(A) എൻ. വി. കൃഷ്ണവാര്യർ (B) സി. ജെ. തോമസ്
(C) കുട്ടികൃഷ്ണമാരാർ (D) കുറ്റിപ്പുഴ കൃഷ്ണപിള്ള

17. 'ഒരു പുഴയുടെ ഓർമ്മ' ആരുടെ കവിതയാണ് ?
(A) സുഗതകുമാരി (B) എൻ. എൻ. കക്കാട്
(C) ഒ. എൻ. വി. കുറുപ്പ് (D) പി. കുഞ്ഞിരാമൻനായർ

18. അതിസന്മാർഗ്ഗമെന്ന രോഗം ബാധിച്ചിട്ടുള്ളവരെ കലികൊള്ളിക്കുന്നതെന്ന് കേസരി വിശേഷിപ്പിച്ച പൊൻകുന്നം വർക്കിയുടെ കഥ :
(A) പാളേങ്കോടൻ (B) അന്തോണീ നീയുമച്ചനായോടാ
(C) വിത്തുകാള (D) മോഡൽ

19. സീതാദേവി ചതോപാദ്ധ്യായയുടെ കഥയുടെ സ്വതന്ത്രാനുകരണം എന്ന നിലയിൽ ലളിതാംബിക അന്തർജ്ജനം എഴുതിയ കഥ :
(A) പ്രതികാരം (B) യാത്രാവസാനം
(C) പ്രതികാരദേവത (D) പാതയുടെ അവസാനം

20. 'അധികാരഭ്രാന്തിന്റെ ധൂളീചിത്രങ്ങൾ' എന്ന് കെ. പി. അപ്പൻ വിശേഷിപ്പിക്കുന്ന കഥയേത് ?
(A) ആറാമത്തെ വിരൽ (B) അല്ലോപനിഷത്ത്
(C) ജോർജ്ജ് ആറാമന്റെ കോടതി (D) പന്ത്രണ്ടാം മണിക്കൂർ

21. "പരിഭ്രമിച്ചത് വെറുതെയായി, വിജയാഹ്ലാദങ്ങൾ വെറുതെയായി, പരാജയഭീതി വെറുതെയായി, ഇതെല്ലാം വെറുതെയായി.'' ഇങ്ങനെ അവസാനിക്കുന്ന മലയാള നോവൽ :
(A) ആവിലായിലെ സൂര്യോദയം (B) പ്രകൃതിനിയമം
(C) വിഭജനങ്ങൾ (D) അന്ധകാരനഴി

22. ചന്തുമേനോന്റെ കാലത്തിനുശേഷം മലയാളത്തിലെ സാമൂഹിക നോവൽപ്രസ്ഥാനത്തിലുണ്ടായ മഹത്തായ സംഭവം എന്ന് എൻ. കൃഷ്ണപിള്ള വിശേഷിപ്പിച്ച നോവൽ :
(A) അഗ്നിസാക്ഷി (B) അപഫന്റെ മകൾ
(C) ബാല്യകാലസഖി (D) നാലുകെട്ട്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

23. ''ഞാൻ ഒരു കച്ചവടക്കാരനല്ല. സാമൂഹ്യസേവനവും രാജ്യസേവനവുമാണ് ഞാൻ പത്രംകൊണ്ട് ഉദ്ദേശിക്കുന്നത്. എനിക്കുവേണ്ട പരമമായ ലാഭം പണമല്ല. ഞാൻ ഉദ്ദേശിക്കുന്നത് എനിക്കല്ല എന്റെ രാജ്യത്തിന് കിട്ടുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. എനിക്കതുമതി.'' ഈ പ്രഖ്യാപനത്തോടെ ആരംഭിച്ച മലയാളത്തിലെ ആനുകാലികം :
   (A) സമദർശി (B) കേസരി
   (C) സ്വദേശാഭിമാനി (D) സന്ദിഷ്ടവാദി

24. 'ഗിഫ്റ്റ് ഇൻ ഗ്രീൻ' എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത മലയാളനോവൽ :
   (A) മധുരംഗായതി (B) എൻമകജെ (C) ജൈവം (D) ആതി

25. എം. പി. പോൾ കഥാപാത്രമാകുന്ന പൊൻകുന്നം വർക്കിയുടെ നാടകം :
   (A) സ്വർഗ്ഗം നാണിക്കുന്നു (B) വഴിതുറന്നു
   (C) വിശറിക്ക് കാറ്റുവേണ്ട (D) കതിരുകാണാക്കിളി

26. കവിയുത്തരം എന്ന കൃതി രചിച്ചത് :
   (A) സച്ചിദാനന്ദൻ (B) സെബാസ്റ്റ്യൻ
   (C) പി. പി. രാമചന്ദ്രൻ (D) ഡി. വിനയചന്ദ്രൻ

27. എന്റെ സ്മരണകൾ എന്ന ആത്മകഥ എഴുതിയത് :
   (A) എം. പി. മന്മഥൻ
   (B) വിഷ്ണുഭാരതീയൻ
   (C) കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്
   (D) കെ. പി. കേശവമേനോൻ

28. ഹിമഗിരിവിഹാരം എന്ന യാത്രാവിവരണം എഴുതിയത് :
   (A) തപോവനസ്വാമികൾ (B) രാജൻ കാക്കനാടൻ
   (C) എം. കെ. രാമചന്ദ്രൻ (D) ആഷാമേനോൻ

29. സംഗീതചന്ദ്രിക എന്ന സംഗീതശാസ്ത്രകൃതി രചിച്ചത് :
   (A) കൈക്കുളങ്ങര രാമവാര്യർ (B) ആറ്റൂർ കൃഷ്ണപ്പിഷാരടി
   (C) ടി. സി. അച്യുതമേനോൻ (D) കെ. സി. കേശവപിള്ള

30. ഭാരതീയ രസസിദ്ധാന്തത്തെ ഐ. എ. റിച്ചാർഡിന്റെ മൂല്യവാദത്തോട് ചേർത്ത് വായിച്ച നിരൂപകൻ :
   (A) സി. പി. അച്യുതമേനോൻ (B) എം. പി. പോൾ
   (C) കേസരി ബാലകൃഷ്ണപിള്ള (D) ജോസഫ് മുണ്ടശ്ശേരി



Join PSC WhatsApp Broadcast List : 90747 20773
PSCNET.in

31. പോഞ്ഞിക്കര റാഫിയെ മലയാളത്തിലെ പ്രോലിറ്റേറിയൻ കഥാകൃത്ത് എന്ന് വിശേഷിപ്പിച്ചത്:
(A) കേസരി ബാലകൃഷ്ണപിള്ള (B) എസ്. ഗുപ്തൻനായർ
(C) സി. ജെ. തോമസ് (D) ജോസഫ് മുണ്ടശ്ശേരി

32. പ്രസ്ഥാനപഞ്ചകം എന്ന കൃതി രചിച്ചത് :
(A) സാഹിത്യ പഞ്ചാനനൻ (B) പി. ശങ്കരൻ നമ്പ്യാർ
(C) അപ്പൻ തമ്പുരാൻ (D) എം. ആർ. നായർ

33. വൈലോപ്പിള്ളിയുടെ പക്ഷി കാക്കയാണെന്നും വള്ളി കയ്പ്പയാണെന്നും അഭിപ്രായപ്പെട്ടത്:
(A) എം. പി. ശങ്കുണ്ണിനായർ (B) പി. എ. വാര്യർ
(C) എം. എൻ. വിജയൻ (D) എൻ. കൃഷ്ണപിള്ള

34. കരുണ, മഗ്ദലനമറിയം, പിംഗള എന്നീ കൃതികളെ താരതമ്യം ചെയ്യുന്ന മുണ്ടശ്ശേരി കൃതി :
(A) മാനദണ്ഡം (B) രാജരാജന്റെ മാറ്റൊലി
(C) വായനശാലയിൽ (D) അന്തരീക്ഷം

35. 'കിരാതശോഭയാർന്ന നടരാജനൃത്തം' കടമ്മനിട്ടക്കവിതകളെ ഇങ്ങനെ വിശേഷിപ്പിച്ചതാര് ?
(A) അയ്യപ്പപ്പണിക്കർ (B) നരേന്ദ്രപ്രസാദ്
(C) കെ. പി. അപ്പൻ (D) എം. തോമസ്മാത്യു

36. പ്രവാചകന്റെ മരണം എന്ന നിരൂപണ കൃതി രചിച്ചത് :
(A) ഇ. പി. രാജഗോപാലൻ (B) ഇ. വി. രാമകൃഷ്ണൻ
(C) വി. സി. ശ്രീജൻ (D) വി. രാജകൃഷ്ണൻ

37. 'സ്വരൂപംചൊല്ലൽ' ഏതു ചടങ്ങുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(A) കടവല്ലൂർ അന്യോന്യം (B) പടയണി
(C) മാമാങ്കം (D) സ്മാർത്തവിചാരം

38. കേരള കാർഷികബന്ധ ബിൽ നിയമസഭയിൽ പാസാക്കിയ വർഷം :
(A) 1959 (B) 1957 (C) 1960 (D) 1961

39. താഴെപ്പറയുന്നവയിൽ മോഹിനിയാട്ടത്തെപ്പറ്റി പരാമർശമുള്ള കൃതി :
(A) പദസംസ്കാരചന്ദ്രിക (B) വ്യവഹാരമാല
(C) നടാങ്കുശം (D) അനന്തപുരവർണ്ണനം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

40. സംഗ്രാമധീരൻ, കോളാംബ നഗര പരിഷ്കാരകൻ എന്നിങ്ങനെ അറിയപ്പെട്ട വേണാട്ടുരാജാവ്:
(A) രവിവർമ്മ കുലശേഖരൻ (B) അയ്യനടികൾ തിരുവടികൾ
(C) മാർത്താണ്ഡവർമ്മ (D) ശ്രീവല്ലഭൻ കോത

41. ചേലനാട്ട് അച്യുതമേനോന്റെ 'എഴുത്തച്ഛൻ ആന്റ് ഹിസ് ഏജ് ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് :
(A) ഡോ. കെ. എം. ജോർജ്ജ് (B) ഡോ. എം. ലീലാവതി
(C) ഡോ. പി. കെ. നാരായണപിള്ള (D) എം. അച്യുതൻ

42. ജര ജര ജഗ എന്ന ക്രമത്തിൽ വരുന്ന വൃത്തം ഏത് ?
(A) ശിഖരിണി (B) പഞ്ചചാമരം
(C) മത്തേഭ വിക്രീഡിതം (D) ഇന്ദുവദന

43. "കുറഞ്ഞില്ല ഹൃദിസ്നേഹം
സ്മരദീപം ജ്വലിക്കിലും." ഇവിടെ അലങ്കാരം ഏത് ?
(A) വിഭാവന (B) അസംഗതി (C) വിശേഷോക്തി (D) പര്യായോക്തം

44. ഗദ്യരചന വിഷയമാകുന്ന എ. ആറിന്റെ സാഹിത്യസാഹ്യം എന്ന കൃതിയുടെ അവതാരിക എഴുതിയത് :
(A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
(B) വടക്കുംകൂർ രാജരാജവർമ്മ
(C) സഹിത്യപഞ്ചാനനൻ
(D) അപ്പൻതമ്പുരാൻ

45. ഹെർമ്മൻ ഗുണ്ടർട്ടിന്റെ മലയാളഭാഷാ വ്യാകരണത്തിൽ 'ആശ്രിതാധികാരം' എന്ന ഭാഗത്ത് ചർച്ച ചെയ്യുന്നത് :
(A) സന്ധി (B) വിഭക്തി (C) നാമവിശേഷണം (D) ക്രിയ

46. മലയാളത്തിലെ നാമവിശേഷണങ്ങളെ ശുദ്ധം, വിവേചകം, സാംഖ്യം എന്നിങ്ങനെ വിഭവിച്ചത് :
(A) സി. എൽ. ആന്റണി (B) ഹെർമ്മൻ ഗുണ്ടർട്ട്
(C) കേരളപാണിനി (D) ജോർജ്ജ് മാത്തൻ

47. അബ്കാരി, ബിനാമി, ചർക്ക, ചപ്പാത്തി എന്നീ പദങ്ങൾ ഏതു ഭാഷയിൽനിന്നാണ് മലയാളത്തിലേക്ക് കടന്നുവന്നത് ?
(A) ഹീബ്രു (B) ഡച്ച് (C) പോർട്ടുഗീസ് (D) പേർഷ്യൻ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

48. ഉച്ചമയക്കത്തിലെ സ്വപ്നങ്ങൾ എന്ന കഥാസമാഹാരം എഴുതിയത് :
(A) പി. എ. ഉത്തമൻ (B) ടി. കെ. സി. വടുതല
(C) നാരായൻ (D) സി. അയ്യപ്പൻ

49. 1956 -ലെ യുനെസ്കോ അവാർഡ് ലഭിച്ച കെ. പാനൂരിന്റെ കൃതി :
(A) സഹ്യന്റെ മക്കൾ (B) കേരളത്തിലെ ആഫ്രിക്ക
(C) കേരളത്തിലെ അമേരിക്ക (D) മലകൾ, താഴ്വരകൾ, മനുഷ്യർ

50. എം. എൻ. വിജയന്റെ 'മരുഭൂമികൾ പൂക്കുമ്പോൾ' എന്ന കൃതിയിൽ പരാമർശിക്കുന്ന എഴുത്തുകാരൻ :
(A) എം. പി. പോൾ (B) കേസരി ബാലകൃഷ്ണപിള്ള
(C) വൈക്കം മുഹമ്മദ് ബഷീർ (D) വൈലോപ്പിള്ളി ശ്രീധരമേനോൻ

51. ഒരിടത്തൊരു ഫയൽവാൻ എന്ന ചലച്ചിത്രത്തിനാധാരമായ പി. പത്മരാജന്റെ കഥ ഏത് ?
(A) പഴയകഥ (B) തോറ്റവരിലൊരാൾ
(C) ഒരു സമീപകാല ദുരന്തം (D) അനുബന്ധം

52. "ഇരുമ്പും മരവും മണ്ണു-
മെന്റെ കൂടപ്പിറപ്പുകൾ
എരിദാഹക്കഞ്ഞി തരും
കൈക്കോട്ടെൻ കുലദൈവതം" - ഈ വരികൾ എഴുതിയത് :
(A) പാലാ നാരായണൻ നായർ (B) ജി. ശങ്കരക്കുറുപ്പ്
(C) ഇടശ്ശേരി ഗോവിന്ദൻനായർ (D) പി. കുഞ്ഞിരാമൻനായർ

53. അയ്യങ്കാളിയുടെ നേതൃത്വത്തിൽ സാധുജന പരിപാലനസംഘം സ്ഥാപിക്കപ്പെട്ട വർഷം :
(A) 1904 (B) 1911 (C) 1907 (D) 1902

54. വൈക്കം സത്യാഗ്രഹത്തിൽ യാഥാസ്ഥിതികരും ഉത്പതിഷ്ണുക്കളും തമ്മിലുള്ള തർക്കത്തെത്തുടർന്ന് ഉത്പതിഷ്ണുക്കളുടെ പ്രതിനിധിയായി മഹാത്മാഗാന്ധിയോട് സംവാദത്തിലേർപ്പെട്ട സന്ന്യാസി :
(A) വാഗ്ഭടാനന്ദൻ (B) ശ്രീനാരയണഗുരു
(C) ആഗമാനന്ദൻ (D) ബ്രഹ്മാനന്ദ ശിവയോഗി

55. 'ദി നായേഴ്സ് ടുഡേ' എന്ന കൃതി രചിച്ചത് :
(A) സി. ജെ. ഫുള്ളർ (B) റോബിൻ ജെഫ്രി
(C) വില്യം ലോഗൻ (D) മിഷേൽ ഡാനിനോ



Join PSC WhatsApp Broadcast List : 90747 20773

56. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിന് വ്യഖ്യാനം എഴുതിയത് :

(A) ഡോ. ജോൺസൺ (B) എസ്. എച്ച്. ബുച്ചർ
(C) ഡേവിഡ് ഹ്യൂം (D) മാത്യു അർനോൾഡ്

57. "ഛന്ദസ് യീസ്റ്റുപോലെയാണ്. ആനുപാതികമായി മദ്യത്തിൽ കൂട്ടിക്കലർത്തുമ്പോൾ മദ്യത്തിനു മുമ്പില്ലാത്ത വീര്യവും ശക്തിയുമുണ്ടാകും. വികാരത്തിന്റെ ഭാഷയായ കവിതയ്ക്ക് ഛന്ദസ് കൃത്രിമമോ ബാഹ്യമോ ആയ ആകർഷകതയല്ല."- കവിതയും ഛന്ദസും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഈ അഭിപ്രായം പറഞ്ഞത് :

(A) വില്യം വേഡ്സ്വർത്ത് (B) റ്റി. എസ്. എലിയട്ട്
(C) ഡാന്റേ (D) കോൾറിഡ്ജ്

58. "വായന എഴുത്തുകാരനും വായനക്കാരനും തമ്മിൽ സ്വാതന്ത്ര്യസംബന്ധമായി പരസ്പരം ഔദാര്യം കാണിക്കണമെന്ന് ഏൽക്കുന്ന ഒരു കരാറാണ്." - ആരുടെ അഭിപ്രായം ?

(A) സാർത്ര് (B) ദറിദ
(C) റൊളാങ് ബാർത്ത് (D) വാൾട്ടർ പേറ്റർ

59. പ്രകൃതി കലാകാരനെ അനുകരിക്കുകയാണ്, അനുസരിക്കുകയുമാണ്. അല്ലാതെ കലാകാരൻ പ്രകൃതിയെ അനുകരിക്കുകയല്ല ചെയ്യുന്നത്. ഈ വാക്കുകൾ ആരുടേത് ?

(A) അരിസ്റ്റോട്ടിൽ (B) പ്ലേറ്റോ
(C) ക്രോച്ചേ (D) ഐ. എ. റിച്ചാർഡ്

60. "മനോവിജ്ഞാനീയവും കലാവിമർശനവും പരസ്പരം ബന്ധപ്പെടുകയും ഒന്നു മറ്റൊന്നിൽ നിന്ന് വെളിച്ചം നേടുകയും ചെയ്യും. എങ്കിലും ഒന്ന് മറ്റൊന്നിനെ അസാധുവാക്കുകയില്ല." ഈ അഭിപ്രായം ആരുടേതാണ് ?

(A) സി. ജി. യുങ് (B) സിഗ്മണ്ട് ഫ്രോയ്ഡ്
(C) വില്യം ജെയിംസ് (D) ഴാക് ലകാൻ

61. താഴെപ്പറയുന്നവയിൽ സദ്യശസൃഷ്ടി ഏത് ?

(A) തീവണ്ടി (B) സിനിമാശാല (C) ഒരുത്തൻ (D) കുതിര

62. ' ആസ്പെക്ട്സ് ഓഫ് ദ് തിയറി ഓഫ് സിന്റാക്സ് ' ആരുടെ ഗ്രന്ഥമാണ് ?

(A) റോബർട്ടോ ലാഡോ (B) ബോളിംഗർ
(C) നോം ചോംസ്കി (D) ഫെർഡിനന്റ് ഡി സൊസ്യൂർ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

63. ഭാഷകളുടെ ഗോത്രബന്ധം എന്ന ആശയം ആദ്യം അവതരിപ്പിച്ചത് :
(A) തോമസ് യങ്
(B) സർ വില്യം ജോൺസ്
(C) ഗുണ്ടർട്ട്
(D) ബ്ലൂംഫീൽഡ്

64. താഴെപ്പറയുന്നവയിൽ ഏതു ഗ്രന്ഥത്തിനാണ് അഭിനവഗുപ്തൻ ലോചനം എന്ന വ്യാഖ്യാനം എഴുതിയത് ?
(A) നാട്യശാസ്ത്രം (B) ധ്വന്യാലോകം (C) കാവ്യമീമാംസ (D) കാവ്യാദർശം

65. 'ഏകോരസഃകരുണ ഏവ' -ഏതു ഗ്രന്ഥത്തിലാണ് ഇങ്ങനെ പരാമർശിച്ചിരിക്കുന്നത് ?
(A) ഉത്തരരാമചരിതം
(B) നാട്യശാസ്ത്രം
(C) സാഹിത്യദർപ്പണം
(D) വാല്മീകിരാമായണം

66. ഫൂക്കോ ഗവേഷണപ്രബന്ധമായി സമർപ്പിച്ച ഗ്രന്ഥം :
(A) പദങ്ങളും പദാർത്ഥങ്ങളും
(B) ലൈംഗികതയുടെ ചരിത്രം
(C) മനോരോഗവും വ്യക്തിത്വവും
(D) ഉന്മാദവും പരിഷ്കാരവും

67. ആധുനിക പാഠവിമർശനപദ്ധതിക്ക് (ടെക്സ്ച്വൽ ക്രിട്ടിസിസം) മലയാളത്തിൽ അടിത്തറ പാകിയത് ഇവരിൽ ആരാണ് ?
(A) സി. പി. അച്യുതമേനോൻ
(B) ഡോ. പി. കെ. നാരായണപിള്ള
(C) ഡോ. കെ. രാഘവൻപിള്ള
(D) ചാത്തനാത്ത് അച്യുതനുണ്ണി

68. ഭാഷണവൈകല്യം, ഭാഷാനഷ്ടം (അഫാസിയ) ഇവയെക്കുറിച്ച് പഠനം നടത്തിയത് :
(A) റൊമൻ ജക്കോബ്സൺ
(B) ഴാക് ലകാൻ
(C) ദറിദ
(D) റൊളാങ് ബാർത്ത്

69. സാഹിത്യം സാമൂഹികമായ ഒരു പ്രതീകാത്മ പ്രക്രിയയാണ് എന്ന ആശയം അവതരിപ്പിച്ചത് :
(A) അന്റോണിയോ ഗ്രാംഷി
(B) വാൾട്ടർ ബഞ്ചമിൻ
(C) ഫ്രെഡറിക് ജെയിംസൺ
(D) ലൂയി അൽത്തൂസർ

70. 'എ ലിറ്ററേച്ചർ ഓഫ് ദെയർ ഓൺ' എന്ന ഗ്രന്ഥം എഴുതിയത് :
(A) മേരി ഫർഗൂസൺ
(B) വെർജീനിയ വൂൾഫ്
(C) എലൈൻ ഷോവാൾട്ടർ
(D) ഹെലൻ സിക്സോസ്


Join PSC WhatsApp Broadcast List : 90747 20773

71. A novice teacher, while beginning to teach will have to :
(A) enforce discipline in the class
(B) entertain the students by cutting jokes
(C) establish rapport with the students
(D) dictate lecture notes in the class

72. Symposium is a type of :
(A) Discovery method (B) Lecture method
(C) Demonstration method (D) Discussion method

73. Which of the following methods of communication is the most effective ?
(A) Presenting written material (B) Nonverbal Communication
(C) Multi-media method (D) Oral Communication

74. The interaction analysis category system in education for analyzing the teacher - pupil interaction was developed by :
(A) N.A. Flanders (B) Edgar Dale (C) Alfred Binet (D) Theodore Simon

75. The objectives of a Curriculum are to be stated in terms of student's :
(A) learning style (B) learning process
(C) entering behaviour (D) terminal behaviour

76. A variable that is presumed to cause a change in another variable is called :
(A) a categorical variable (B) a dependent variable
(C) an independent variable (D) an intervening variable

77. Which section of the research plan gives a detailed description of the research participants ?
(A) Introduction (B) Methodology (C) Data analysis (D) Discussion

78. The study in which investigators attempt to trace an effect is known as :
(A) Survey Research (B) "Ex-post Facto" Research
(C) Historical Research (D) Summative Research

79. The term associated with the theory and method of the interpretation of human action in social science is :
(A) Hermeneutics (B) Theology (C) Ontology (D) None of these

80. A statement that predicts a cause - and - effect relationship between variables is known as the :
(A) Null Hypothesis (B) Experimental Hypothesis
(C) Independent Variable (D) Dependent Variable

81. Who adopted the Constitution of India on 26th November 1949 :
(A) People of India (B) Parliament of India
(C) Citizen of India (D) Cabinet



Join PSC WhatsApp Broadcast List : 90747 20773

82. In the Constitution of India, Right to property is a :
(A) Fundamental right (B) Statutory right
(C) Constitutional right (D) Legal right

83. Which one of the following statement is not correct about the Attorney General of India ?
(A) He is appointed by the President
(B) He is required to appear on behalf of Govt. of India
(C) He has right of pre-audience in all courts
(D) He is a member of the cabinet

84. Parliament of India consists of :
(A) Rajya Sabha and Lok Sabha (B) Lok Sabha
(C) Rajya Sabha (D) President, Rajya Sabha and Lok Sabha

85. Which case is popularly known as the Fundamental Rights case :
(A) Golaknath Vs. State of Punjab (B) Kesavananda Bharati Vs. State of Kerala
(C) Sankari Prasad Vs. Union of India (D) Sajjan Singh Vs. State of Rajasthan

86. Which Act provides nutritional support to pregnant women and lactating mothers ?
(A) Employees State Insurance Act 1948
(B) Maternity Benefit Act
(C) National Food Security Act 2013
(D) None of the above

87. An employee is digible to get bonus under the Payment of Bonus Act, 1965 if he had worked for not less than __________ in the preceding year.
(A) 30 days (B) 240 days (C) 160 days (D) 190 days

88. Which court has the jurisdiction to conduct trial on offences under the commission of Sati Prevention Act 1987 ?
(A) Sessions Court (B) High Court
(C) Judicial Magistrate of first class (D) Special Court

89. Which one of the following circumstances are relevant in fixation of minimum wages under the Minimum Wages Act :
(A) The difficulties of the employer to carry on his business.
(B) The financial capacity of the employer.
(C) The employer company has incurred loss during the previous year.
(D) The number of employees engaged in the employment is more than 1000.

90. Under the Right to Information Act, the language of an application may be :
(A) English (B) Hindi
(C) Regional language (D) All of the above



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

91. The famous play 'Pattabakki' purposely criticized the exploitation of the peasants by the landlords was written by ________ .
(A) K. Damodaran (B) Kesava Dev
(C) Ponkunnam Varkey (D) Vaikom Muhammad Basheer

92. Which of the following is not a literary work of Kumaranasan ?
(A) Nalini (B) Duravasta (C) Pingala (D) Karuna

93. Name the editor of the Journal 'Mitavadi' published from Calicut :
(A) T.K. Madhavan (B) K. Kelappan
(C) Manjeri Rama Iyer (D) C. Krishnan

94. Name the social reformer who started the Sanskrit Educational Centre called 'Tatwa Prakasika Ashram'.
(A) Brahmananda Sivayogi (B) Vagbhatananda
(C) Swami Agamananda (D) Ananda Theerthan

95. Which movement in Travancore started as a protest against the constitutional reforms of 1932 ?
(A) Ezhava Memorial (B) Malayali Memorial
(C) Nivarthana Agitation (D) Temple Entry Proclamation

96. Which of the following scheme aims to provide girl children below 10 years will have bank accounts with more interest and income tax benefits ?
(A) Mahila Samridhi Yojana
(B) Beti Bachao Beti Padhao
(C) Pradhan Mantri Jan - Dhan Yojana
(D) Sukanya Samridi Yojana

97. International Yoga Day is observed on :
(A) June 21 (B) June 12 (C) June 15 (D) June 19

98. Which district in Kerala became first district of India to have complete high speed rural broad band coverage ?
(A) Wayanad (B) Idukki (C) Kozhikode (D) Kollam

99. Who won the 8th Edition of the IPL cricket tournament ?
(A) Chennai Super Kings (B) Royal Challengers Bangalore
(C) Rajasthan Royals (D) Mumbai Indians

100. Who is the Vice - Chairman of NITI Aayog ?
(A) Arvind Panagariya (B) Nripendra Mishra
(C) Pahlaj Nihalani (D) Narendra Modi

- o 0 o -



Join PSC WhatsApp Broadcast List : 90747 20773